**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4021** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷണശാലകൾക്ക് സാനിറ്ററി സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹോട്ടലുകൾക്കും ഭക്ഷണ വസ്തുക്കൾ വിപണനം നടത്തുന്ന സ്ഥാപനങ്ങൾക്കും ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി സാനിറ്ററി സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ; പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഹോട്ടലുകൾക്കും ഭക്ഷണ വസ്തുക്കൾ വിപണനം നടത്തുന്ന സ്ഥാപനങ്ങൾക്കും ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി ഭക്ഷ്യ സുരക്ഷ നിയമ പ്രകാരം സാനിറ്ററി സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടില്ലാത്തതിനാൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് സാനിറ്ററി സർട്ടിഫിക്കറ്റ് നൽകുന്നില്ല. എന്നാൽ സേവനാവകാശ നിയമപ്രകാരം ആരോഗ്യ വകുപ്പ് ഹോട്ടലുകൾക്കും ഭക്ഷണ വസ്തുക്കൾ വിപണനം നടത്തുന്ന സ്ഥാപനങ്ങൾക്കും ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി സാനിറ്ററി സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. സാനിറ്ററി സർട്ടിഫിക്കറ്റ് നൽകുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഓരോ ആരോഗ്യ സ്ഥാപനങ്ങളിലെയും ഹെൽത്ത് ഇൻസ്പെക്ടർമാരാണ്. |
| (ബി) | സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഫീസ് ഉൾപ്പെടെ വിശദീകരിക്കാമോ; എന്തെങ്കിലും തുടർ നടപടികൾക്ക് ഈ സർട്ടിഫിക്കറ്റ് ആവശ്യമുണ്ടോ; വിശദീകരിക്കാമോ? | (ബി) | സേവനാവകാശ നിയമപ്രകാരം ആരോഗ്യ വകുപ്പ് നൽകുന്ന സാനിറ്ററി സർട്ടിഫിക്കറ്റിനായി 270/- രൂപ നിരക്കിൽ ഫീസ് അടച്ച് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതും തുടർന്ന് ഹെൽത്ത് ഇൻസ്പെക്ടർ ബന്ധപ്പെട്ട സ്ഥല/സ്ഥാപന പരിശോധന നടത്തി 14 ദിവസത്തിനുള്ളിൽ സാനിട്ടേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ